ചാത്തന്നൂരിലെ കൺസ്യൂക്ഷൻ അക്കാദമി

250 (951) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ കൺസ്യൂക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 5 വർഷം പൂർത്തിയാകുന്ന വേളയിലെ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്ന നടപടിയിൽനിന്നും ഗവൺമെന്റ് പിന്മാറിയെന്ന് പൊതുജനങ്ങളെയും തൊഴിലാളികളെയും പൊതുപ്രവർത്തകരെയും അറിയിക്കുവാൻ ഉന്നതനെങ്കിലും ഗവൺമെന്റ് സന്നദ്ധമാകുമോ; ഇല്ലായെങ്കിൽ തുടർനടപടി എന്താണെന്ന് ഗവൺമെന്റ് വെളിവാക്കുമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ കൈമനത്തുള്ള കൺസ്ട്രക്ഷൻ അക്കാദമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്ക് വാങ്ങി. ഇപ്രകാരമുള്ള കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന സ്ഥാപനം ചർച്ചയിൽ നിർദ്ദേശിച്ചതനുസരിച്ച് 31-12-2009-ൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. കൺസ്ട്രക്ഷൻ അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും ടി അക്കാദമി 1955-ലെ സാഹിത്യ ശാസ്ത്ര കലാ സാംസ്കാരിക സ്ഥാപന സംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. കൺസ്ട്രക്ഷൻ അക്കാദമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് 1-3-2011-ൽ തറക്കല്ലിടുകയുണ്ടായി. കൺസ്ട്രക്ഷൻ അക്കാദമിയുടെ ഭരണ എക്സിക്യൂട്ടീവ് യോഗം 28-3-2011-ലും ആദ്യ ഗവേണിംഗ് ബോഡി യോഗം 9-5-2011-ലും ചേരുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി അക്കാദമിക്കുവേണ്ടി വിലയ്ക്കുവാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇഷ്ടിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും, അതിനാൽ പ്രസ്തുത ഇഷ്ടിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ (16 സെന്റ്) സ്ഥലത്തിന് പകരം ദേശീയപാതയോടുചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്നുതിരിച്ച് സർവ്വേക്കല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭ്യമാക്കുന്നതിനായും ടി വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിന് ഭരണാനുമതിക്കായും നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകുന്നതിനുള്ള വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

തൊഴിൽ വകുപ്പ് മുഖേന നൽകുന്ന പെൻഷൻ

251 (952) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തൊഴിൽ വകുപ്പ് മുഖേന നൽകുന്ന ക്ഷേമനിധി പെൻഷനുകളിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പെൻഷൻ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിതത്തൊഴിലാളി പെൻഷൻ, മരം കയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly